**QP CODE: 18103810**

18103810

Reg No : ....................

Name : ....................

## B.Sc.DEGREE(CBCS)EXAMINATION, DECEMBER 2018

**First Semester**

**Common Course II - ML1CCT09 - MALAYALAM- KATHA, KAVITHA**

(For Model II B.Sc. Programmes)

2018 Admission only

A9C02AB1

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. 'സയാമീസ് എന്തുപറയുന്നു?' സന്ദർഭം ഏത് ?
2. നോട്ടുകുറിക്കുക ' വി കെ എൻ '
3. പുതിയ ഭക്ഷണരീതികളും ആഡംബരഭ്രമങ്ങളും ലഞ്ച് എന്ന കഥയിൽ എങ്ങനെ ഇതിവൃത്തമാവുന്നു.?.
4. 'എന്തിനാണ് പൊളിറ്റിക്സ് പഠിച്ചതെന്നും ബോട്ടണി പഠിക്കാതിരുന്നതെന്നും ചോദിച്ചാൽ അവൾക്കറിഞ്ഞുകൂടാ ' ഈ വാക്യത്തിന്റെ പ്രസക്തി എന്ത് ?
5. തന്റെ നിറമുള്ള സമ്മാനം തൂത്തനിറമുള്ള ഓവർകോട്ടിനു മുകളിലൂടെ പുളഞ്ഞുകിടന്ന് സുഹൃത്തിനെ ആകർഷണീയമാക്കുന്നത് വർഷ സന്തോഷത്തോടെ കണ്ടു. സമ്മാനം എന്ത്? സന്ദർഭം ഏത് ?
6. മ്യൂസിയ സന്ദർശനത്തിൽ നിന്ന് സ്വയമൊഴിവായി ആത്മാവിലെ പൊള്ളുന്ന തീയെ ശുശ്രൂഷിച്ചുകൊണ്ട് മുറിയിൽ ചടഞ്ഞുകൂടിയ വർഷയെത്തിരക്കി ഒരു ഫോൺകാൾ വന്നു .ആ ശബ്ദം പറഞ്ഞതെന്ത് ?
7. 'ഇതുവരെ എന്റെ നർത്തകിമാർ ഞാൻ പറയുന്നതിനപ്പുറം ചുവടുകൾ വച്ചിട്ടില്ല 'സന്ദർഭം ഏത് ?
8. സാഹിത്യകാരപരിചയം നടത്തുക -' ബെന്യാമീൻ '
9. തന്നെത്തന്നെ പ്രതിയുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന കാവ്യശൈലിയാണ് ചുള്ളിക്കാടിന്റേത്. വ്യക്തമാക്കുക.
10. 'അമ്മയെ കുളിപ്പിക്കുമ്പോൾ<br>കുഞ്ഞിനെ കുളിപ്പിക്കുമ്പോഴെന്നപോലെ ',എന്തുകൊണ്ട് ?
11. 'വീടുമാറിക്കയറിയ ഒരാളുടെ അമ്പരപ്പ് മാത്രമായിരിക്കാം അതിന്റെ മനസ്സിൽ 'ആരുടെ ?എന്തുകൊണ്ട് ?
12. സാഹിത്യകാരപരിചയം നടത്തുക -' രാഘവൻ അത്തോളി '

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. കഥാപാത്രനിരൂപണം നടത്തുക - 'യതീന്ദ്ര ദാസ് '(നാല്പതാം നമ്പർ മഴ )
14. 'സിതാര' യുടെ 'നൃത്തശാല 'യിൽ ഉൾച്ചേരുന്ന ഫെമിനിസത്തിന്റെ അർത്ഥതലങ്ങൾ എന്തെല്ലാം ?



Turn Over

15. ഡോ. ആനന്ദ് ശിവപുരിയിലൂടെ ബെന്യാമിൻ വിശകലനം ചെയ്യുന്ന കശ്മീർ കഥകൾ വിവരിക്കുക.

16. ഒരു സാധാരണജീവിതത്തിന്റെ പ്രലോഭനങ്ങളിലേക്ക് ആർത്തിയോടെ നോക്കിനിൽക്കേണ്ടിവരുന്ന മനുഷ്യന്റെ ചിത്രം 'ആരുടെയോ ഒരു സഖാവി'ലുണ്ട് . വ്യക്തമാക്കുക .

17. പിറ്റേന്ന് കുറച്ചു ശാസിക്കാനും ഉപദേശിക്കാനുമുള്ള തയാറെടുപ്പോടെയാണ് ഞാൻ വിഭവാരിയെ നേരിടാൻ കാത്തുനിന്നത്. എന്നാൽ.............., തുടർന്ന് സംഭവിച്ചതെന്ത് ?

18. കുരീപ്പുഴ ശ്രീകുമാറിന്റെ പാരിസ്ഥിതിക വീക്ഷണങ്ങൾ 'കൈലാസൻ' എന്ന കവിതയിൽ എങ്ങനെ ഉൾച്ചേരുന്നു?

19. എന്താണ് ഫെമിനിസം ? നിങ്ങൾ പഠിച്ചിട്ടുള്ള കവിതകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

20. പ്രതിഷേധത്തിന്റെ ചോദനകളെ വളർത്തിയെടുക്കേണ്ടതുണ്ട് എന്ന് എ സി ശ്രീഹരി സമർത്ഥിക്കുന്നതെങ്ങനെ?

21. 'കുഞ്ഞേ, വെളുപ്പിപ്പോഴും വരയുടെ നിയമത്തിനു പുറത്താണ്' എന്തുകൊണ്ടാണ് കവി ഇങ്ങനെ പറയുന്നത് ?

(6×5=30)

## പാർട്ട് സി

### നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

### ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. എന്താണ് ഫെമിനിസം? നിങ്ങൾ പഠിച്ചിട്ടുള്ള കഥകളെയും കവിതകളെയും ആസ്പദമാക്കി ചർച്ച ചെയ്യുക.

23. അനുഭവങ്ങളുടെ ഗൗരവപ്പെട്ട ചിത്രങ്ങൾ കാഴ്ചവയ്ക്കുന്ന കഥയാണ് കെ ആർ മീരയുടെ 'മച്ചകത്തെ തച്ചൻ 'വിശകലനം ചെയ്യുക.

24. കഥയും കഥയിലെ മഴയും കനക്കുന്ന അനുഭവം നൽകുന്ന കഥയാണ് 'നാല്പതാം നമ്പർ മഴ 'വിശകലനം ചെയ്യുക.

25. എന്താണ് ഉത്തരാധുനികത? നിങ്ങൾ പഠിച്ച കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക.

(2×15=30)